ഭരണഭാഷ - മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
റീജിയണൽ ജോയിന്റ്ഡയറക്ടർ ആഫീസ്, കൊല്ലം
ലാൽ ബഹദൂർശാസ്ത്രിസ്റ്റേഡിയം ബിൽഡിംഗ്, കൊല്ലം.
ഫോൺ: 0474 2748812. E-mail – duarklm@gmail.com

നമ്പർ: ഇ-2384/2021 തീയതി :1/12/2022

THE DIRECTOR OF URBAN AFFAIRS OFFICE
09 DEC 2022

പ്രേഷകൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ,
കൊല്ലം.

സ്വീകർത്താവ്

ഡയറക്ടർ
എൽ.എസ്.ജി.ഡി (അർബൻ)
തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസ്, കൊല്ലം - 2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം - ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി നൽകിയ ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1. സർക്കാരിന്റെ 11/5/21-ലെ എ3/14/2018/തസ്വഭവ നം.കത്ത്.
2. സി.റ്റി.പി (വിജിലൻസ്)ന്റെ 9/4/21-ലെ CTPVIG/958/17, CTPVIG/29/18 നം.റിപ്പോർട്ടുകൾ.
3. ഈ ആഫീസിലെ 1/12/2022-ലെ ഇതേ നമ്പർ ഉത്തരവ്.

കോട്ടയം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ചട്ടലംഘനത്തോടെ പ്ലാൻ സമർപ്പിച്ച ലൈസൻസി ശ്രീ.രാജേഷ്.ബിയുടെ സൂപ്പർവൈസർ എ ലൈസൻസ് സസ്പെന്റ് ചെയ്ത ഉത്തരവ് നടപടികളുടെ പകർപ്പ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

വിശ്വസ്തതയോടെ

(ഒപ്പ്)
ബിനു ഫ്രാൻസിസ്
റീജിയണൽ ജോയിന്റ് ഡയറക്ടർ

## എൽ.എസ്.ജി.ഡി(അർബൻ) ദക്ഷിണമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) റീജിയണൽ ജോയിന്റ്ഡയറക്ടർ ആഫീസ്, കൊല്ലം - ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച രജിസ്ട്രേർഡ് എഞ്ചിനിയർ ശ്രീ.രാജേഷ്.ബിയുടെ സൂപ്പർവൈസർ-എ ലൈസൻസ് സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇ-2384/2021 കൊല്ലം, തീയതി. 1/12/2022

---

പരാമർശം :- 1. സർക്കാരിന്റെ 11/5/21-ലെ എ3/14/2018/തസ്വഭവ നം.കത്ത്.
2. ചീഫ് ടൗൺപ്ലാനർ (വിജിലൻസ്)ന്റെ 9/4/21-ലെ CTPVIG/958/17, CTPVIG/29/18 നമ്പർ റിപ്പോർട്ട്.
3. ഈ ആഫീസിലെ 27/1/22-ലെ ഇതേ നമ്പർ കാരണംകാണിക്കൽ നോട്ടീസ്.
4. ശ്രീ.രാജേഷ്.ബി 15/2/2022-ൽ ഈ ആഫീസിൽ നേരിട്ട് ഹാജരായി നൽകിയ മൊഴി.

### ഉ ത്ത ര വ്

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ ശ്രീമതി.സിനി മോൾ, കുഴികുളത്തിൽ വീട് എന്നവരുടെ ഉടമസ്ഥതതയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് ചട്ടവിരുദ്ധമായി പ്ലാൻ വരച്ച് നൽകിയ എഞ്ചിനിയർ ശ്രീ.രാജേഷ്.ബി (രജി.നം. L2-697/07/2171/SA)ക്കെതിരെ പരാമർശം (2) ചീഫ് ടൗൺപ്ലാനർ (വിജിലൻസ്) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പരാമർശം (2) പ്രകാരമുള്ള ചീഫ് ടൗൺപ്ലാനർ (വിജിലൻസ്)ന്റെ റിപ്പോർട്ടിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് 2011-ലെ കെ.എം.ബി.ആർ ചട്ടം 27(2), (3), (5), 38(2), 102(3), 104 എന്നീ ലംഘനമുള്ളതായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. ടി വിഷയത്തിൽ പരാമർശം (3) പ്രകാരം ലൈസൻസി ശ്രീ.രാജേഷ്.ബിയിൽ നിന്നും വിശദീകരണം തേടിയതിന് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ പ്ലാൻ വരച്ചതിൽ ബോധപൂർവ്വമായ തെറ്റ് വരുത്തിയിട്ടില്ല എന്നും മന:പൂർവ്വം അല്ലാതെ സംഭവിച്ച ചട്ടലംഘനം മാപ്പാക്കി തുടർ നടപടി സ്വീകരിക്കാൻ അപേക്ഷിച്ചിരിക്കുന്നു.

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 18-ൽ (1999-ലെ കെ.എം. ബി.ആർ 153) പ്ലാനുകളും ഡ്രോയിംഗുകളും തയ്യാറാക്കി ഒപ്പ് വയ്ക്കുന്ന ലൈസൻസി നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ചുവേണം പ്ലാനുകൾ തയ്യാറാക്കേണ്ട

തെന്നും പ്രസ്തുത പ്ലാനിലും, ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മയ്ക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയാണെന്നും ടിയാൻ സ്ഥലപരിശോധന ഉൾപ്പെടെ നടത്തി ബോധ്യപ്പെട്ടുവേണം പ്ലാനുകളും ഡ്രോയിംഗുകളും തയ്യാറാക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ലൈസൻസി ആയത് പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ സാഹചര്യത്തിൽ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 18(11) (1999ലെ കെ.എം.ബി.ആർ ചട്ടം 153) പ്രകാരം ചട്ടവിരുദ്ധമായി പ്ലാൻ വരച്ച ലൈസൻസി ശ്രീ.രാജേഷ്.ബിയുടെ L2-697/07/2171/SA നമ്പർ സൂപ്പർവൈസർ -എ ലൈസൻസ് ഉത്തരവ് തീയതി മുതൽ 3 മാസത്തേയ്ക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെന്റ് ചെയ്ത വിവരം രേഖപ്പെടുത്തുന്നതിനായി ലൈസൻസി ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒറിജിനൽ ലൈസൻസ് രേഖകൾ തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)
ബിനു ഫ്രാൻസിസ്
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.രാജേഷ്.ബി
അടമുക്കത്ത് ഹൗസ്, റ്റി.ഡി.റോഡ്, ചേർത്തല, ആലപ്പുഴ - 688524.

പകർപ്പ് :- 1. സെക്രട്ടറി തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്, തിരുവനന്തപുരം (ആമുഖപത്രം സഹിതം)
2. ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ) (വെബ്സൈറ്റ്)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി, കോഴിക്കോട്
5. ദക്ഷിണമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.

ആജ്ഞാനുസരണം/അയയ്ക്കുന്നത്

സൂപ്രണ്ട്